കേരള നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 12, തിങ്കൾ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1979 മാർച്ച് 12 -ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്ങ് മുഖം നൽകുന്ന ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തരങ്ങൾ.

(ചോദ്യം 421, 422 ചോദിച്ചില്ല)

കെ. എസ്. ആർ. ടി. സി. യിലെ അംഗീകൃത യൂണിയനുകൾ:

*399 [423] ശ്രീ പി.റ്റി. കുഞ്ഞുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് ഓർഗനൈസേഷന് അംഗീകാരം നൽകുന്നതു സംബന്ധിച്ച് വല്ല അപേക്ഷയും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് ഓർഗനൈസേഷൻ എന്നൊരു യൂണിയനിൽ നിന്നും അംഗീകാരത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത യൂണിയൻ 1978—ൽ മാത്രം റജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘടനയാണ്. അതുകൊണ്ട് അംഗീകാരത്തിനുള്ള അപേക്ഷ കോർപ്പറേഷൻ പരിഗണിക്കുകയുണ്ടായില്ല.

ശ്രീ. പി. റ്റി. കുഞ്ഞുട്ടി ഹാജി: അതിന് അംഗീകാരം കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതേപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുന്നു. ഒരു സ്ഥാപനത്തിൽ എത്ര യൂണിയൻ ആകാമെന്നുള്ള പ്രത്യേക നിബന്ധനയില്ലെങ്കിലും വളരെയേറെ യൂണിയൻ വേണമോ എന്നുള്ളതിനെപ്പറ്റി സംശയമുണ്ട്. അതുകൊണ്ട് അത്യാവശ്യമുള്ള കാര്യങ്ങളും പരിഗണിച്ച് ഇതേക്കുറിച്ച് ഒരു തീരുമാനമെടുക്കാം.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഇന്ന് എത്ര യൂണിയനുകളും ഉണ്ടെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: 13.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിനു പ്രത്യേകമായ മാനദണ്ഡം ഇപ്പോഴും നോക്കാറില്ല. ഒരു പ്രത്യേക എണ്ണം ആളുകളും, ധാരാളം ആളുകളും അവർ പ്രത്യേകമായി സംഘടിച്ചിരിക്കുന്നു എന്നു കണ്ടാൽ അവരുടെ സൗകര്യത്തിനു വേണ്ടി രജിസ്റ്റർ ചെയ്തു കൊടുക്കാറുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: കഴിഞ്ഞ വർഷം കൂടുതലായി ആറു യൂണിയനുകൾക്ക്. ഒന്നിച്ച് അംഗീകാരം നൽകി. അപ്പോഴും സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആറു യൂണിയനുകൾക്ക് അംഗീകാരം കൊടുത്തു എന്നു പറയുന്നത് ശരിയല്ല. കഴിഞ്ഞ കൊല്ലം നാലു യൂണിയനുകൾക്ക് അംഗീകാരം കൊടുത്തു. യൂണിയനിൽ എത്ര അംഗങ്ങളും ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കൊടുത്തത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ട്രാൻസ്പോർട്ടിലാണെങ്കിൽ ഇത്ര ശതമാനം തൊഴിലാളികളെ പ്രതിനിധീകരിച്ച് ഒരു യൂണിയൻ വേണമെന്നു ആവശ്യപ്പെട്ടാൽ രജിസ്റ്റർ ചെയ്തു കൊടുക്കുകയാണോ, അതോ രജിസ്ട്രേഷൻ കൊടുക്കുന്നതിന് ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്ന മാനദണ്ഡം ഭരണകക്ഷിയിൽ പെട്ടിട്ടുള്ള ആളുകളും ആണോ അല്ലയോ എന്നു നോക്കിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അവസാനഭാഗം ശരിയല്ല. ഭരണകക്ഷിയിൽ നിൽക്കുന്നവരാണോ എന്നു നോക്കിയല്ല കൊടുക്കുന്നത്. ഒരു പ്രത്യേക വിഭാഗത്തിൽ ജോലി ചെയ്യുന്ന ആളുകൾ മറ്റു യൂണിയനുകളിൽ ചേരുന്നതുകൊണ്ട് പ്രയോജനമില്ല. പ്രത്യേകമായി അവർ സംഘടിക്കുന്നതാണ് നല്ലതെന്നു ബോദ്ധ്യപ്പെട്ട് അപ്രകാരം അപേക്ഷിച്ചാൽ അവരുടെ അപേക്ഷ പരിഗണിക്കും. ചിലപ്പോൾ ശരിയെന്നു കണ്ടാൽ അംഗീകാരം കൊടുക്കുകയും ചെയ്യും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അംഗീകാരം കൊടുക്കുന്നത് ആകെ തൊഴിലാളികളുടെ ഇത്ര ശതമാനം അല്ലെങ്കിൽ ഇത്ര വിഭാഗം ഒരു യൂണിയനിൽ ചേർന്നിട്ടുണ്ട് എന്നുള്ള വല്ല പരിഗണനയും വച്ചാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോൾ ശതമാനം കണക്കാക്കി നോക്കാറില്ല.

ശ്രീ. എസ്. ത്യാഗരാജൻ: ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഇനിയും യൂണിയനുകൾ അംഗീകാരം വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ? ഇങ്ങനെ അംഗീകാരം കൊടുക്കുമ്പോൾ എന്തെങ്കിലും കാര്യങ്ങളിൽ Tripartite കോൺഫറൻസിന്റെ തീരുമാനം മാതൃകയായി സ്വീകരിക്കാറുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: യൂണിയനുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് മാനേജുമെൻറിന് ഉദ്ദേശമില്ല. നിലവിൽ പ്രവർത്തിക്കുന്ന യൂണിയനുകളിൽ ചേരുന്നതിന് ബുദ്ധിമുട്ടുള്ള തൊഴിലാളികൾ പ്രത്യേകമായി സംഘടിക്കുമ്പോൾ അവരുടെ സംഘടനക്ക് പരിഗണന കൊടുക്കണമെന്ന് ആവശ്യപ്പെട്ടാൽ അത് അംഗീകരിക്കേണ്ടിവരും.

ശ്രീ. ടി. എം. ജേക്കബ്: യൂണിയനുകളുടെ എണ്ണം ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ പെരുകിയിരിക്കുന്നതുകൊണ്ട് ഇവർ തമ്മിലുള്ള മൽസരം മൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: രണ്ടു യൂണിയനുകൾ നിലവിലുള്ളപ്പോൾ മൽസരമുണ്ടാകും, കൂടുതൽ യൂണിയനുകൾ ഉണ്ടാകും. ആയിരം പുഷ്പം വിരിയട്ടെ എന്നു മാത്രമേ പറയാനുള്ളു.

ശ്രീ. പി. പി. എസ് തോമസ്: കഴിഞ്ഞ വർഷം യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുന്നതിനു മുമ്പ് അവിടെ ഒരു ഹിത പരിശോധന നടത്തുന്നതിന് എല്ലാ തയ്യാറെടുപ്പും പൂർത്തിയാക്കുകയും അതിനു നടപടി ആരംഭിക്കുന്നതിന് തൊട്ടു മണിക്കൂറുകൾ മാത്രമുള്ളപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും വളരെ വിദഗ്ധമായി ഒരു കക്ഷിക്ക് യാതൊരു പ്രാബല്യവും പിന്തുണയും ഉണ്ടാകുകയില്ലെന്നു ബോദ്ധ്യം വന്നപ്പോൾ സ്വന്തം താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി മാത്രമല്ലേ ഈ നാലു യൂണിയനുകൾക്ക് അംഗീകാരം കൊടുത്തത്? അതിന്റെ നടപടിയെ സംബന്ധിച്ച് ഒരു വിശദീകരണം നൽകാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്വന്തമായി യാതൊരു താൽപ്പര്യവുമില്ല. ഒരു ഹിതപരിശോധന നടത്തുന്നതിന് മാനേജുമെൻറ് ഒരുങ്ങിയപ്പോഴാ മറ്റു തൊഴിൽ സ്ഥാപനങ്ങളിലും ഇതെടുക്കാൻ തയ്യാറായാൽ മാത്രം ഇവിടേയും മതി എന്നുള്ള അഭിപ്രായം വന്നതു കൊണ്ടാണ് അങ്ങിനെ ചെയ്തത്.

ശ്രീ. കെ. സി. വാമദേവൻ: ഇലക്ട്രിസിറ്റി ബോർഡിൽ അംഗീകാരത്തിനായി അപേക്ഷിച്ച ഏതാണ്ട് 20 യൂണിയനുകൾക്ക് അംഗീകാരം അനുവദിക്കാതിരിക്കുകയും കെ. എസ്. ആർ. റ്റി. സി. യിൽ അപേക്ഷിച്ചവർക്കെല്ലാം അംഗീകാരം കൊടുക്കുകയും ചെയ്തതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുന്നതിന് ഏകീകൃതമായ ഒരു നയമുണ്ടോ? അതോ കോർപ്പറേഷനിൽ ഏതെങ്കിലും പ്രത്യേകമായ മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ഗവൺമെൻറ് യൂണിയനുകളെ രജിസ്റ്റർ ചെയ്തു കൊടുക്കുന്നുണ്ട്. അതിനു ഒരു പൊതു നയമില്ല. അത്യാവശ്യമുള്ളിടത്ത് യൂണിയനുകളെ കൊടുത്താൽ മതി എന്ന ധാരണയുണ്ട്.

ആഭ്യന്തര വിമാന സർവ്വീസ്

*400 [424] ശ്രീ. ജി. പി. മംഗലത്തു മഠം:

ശ്രീ. ഇ. നാരായണൻ നായർ:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. പി. ആർ. കുറുപ്പ്:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ആഭ്യന്തര വിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള പരീക്ഷണ പറക്കൽ നടന്നുവോ;

(ബി) നടക്കുകയുണ്ടായെങ്കിൽ എന്നാണ്;

(സി) ഏതു കമ്പനിക്കാരാണ് ഈ പരീക്ഷണ പറക്കലിനും തുടർന്നു സ്ഥിരമായി സർവ്വീസ് നടത്തുന്നതിനും മുന്നോട്ടു വന്നിട്ടുള്ളത്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) പരീക്ഷണപ്പറക്കൽ നടന്നിട്ടുണ്ട്.

(ബി) 1978 ഒക്ടോബറിൽ.

(സി) ഹൻസ് എയർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കാരാണ് മുന്നോട്ടു വന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly